പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3969</u> <u>12.12.2018 ൽ മറുപടിക്ക്</u>

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി

| ചോദ്യം<br><br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്; | (എ) | 2017-18 ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും 2018-19 ൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട് |
| (ബി) | പ്രസ്തുത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കിയോ; ഇതിനായി എത്ര തുക ചെലവഴിച്ചു; | (ബി) | ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായി വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപയാണ് എൻ.എച്ച്.എം.ന് കൈമാറിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുത്തതിൽ 203 ആരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിന് 5 കോടി രൂപ കെ.എം.എസ്.സി.എൽ.ന് നൽകിയിട്ടുണ്ട്. 2018-19-ൽ ലാബ് സൗകര്യത്തിനായി 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ; | (സി)<br>&<br>(ഡി) | നിലവിലുള്ള ജീവനക്കാർക്കു പുറമേ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒ.പി.കൂടുതൽ ഉള്ള 150 കേന്ദ്രങ്ങളിൽ ഒരോ ഫാർമസിസ്റ്റ് എന്നിവ ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ തസ്തികകളിൽ നിയമനം നടത്തി വരികയാണ്. കൂടാതെ ആവശ്യമെങ്കിൽ ഒരു ഡോക്ടറെയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാരേയും മറ്റു ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ